**K22U 3485**

**Reg. No. : ..............................**

**Name : ..................................**

**I Semester Integrated M.Sc. Degree (Reg./Supple./Imp.) Examination, October 2022**
**(2020 Admission Onwards)**
**I Semester B.S.W./B.C.A./B.Sc. LRP/B.M.M.C. Degree (C.B.C.S.S.-O.B.E. – Regular/Supplementary/Improvement) Examination, November 2022**
**(2019 Admission Onwards)**
**ADDITIONAL COMMON COURSE IN MALAYALAM**
**1A07-2MAL : സാഹിത്യ ഗണങ്ങൾ**

Time : 3 Hours　　　　　　　　　　　　　　　　　　Max. Marks : 40

I. **4** ചോദ്യങ്ങളിൽ നിന്ന് **2 എണ്ണ**ത്തിന് **300** വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

1) പ്രകൃതിപ്രതിഭാസങ്ങളുടെയും മനുഷ്യജീവിതമുഹൂർത്തങ്ങളുടെയും അപൂർവ്വസമന്വയമാണ് 'സൂര്യകാന്തി'. നിരൂപണം തയ്യാറാക്കുക.

2) മാതൃവാത്സല്യത്തിന്റെ മധുരോദാരതയോട് കവിക്കുള്ള ആദരവ് 'ചോറൂണി'ൽ തെളിഞ്ഞു കാണാം. ചർച്ച ചെയ്യുക.

3) വീട്ടകങ്ങളിലും പുറത്തും വ്യാപിക്കുന്ന ഹിംസാത്മകതയുടെ ഭീതിദചിത്രങ്ങളാണ് 'ഹിംസാടനം' വെളിപ്പെടുത്തുന്നത്. – വിശകലനം ചെയ്യുക.

4) കേരളീയ സമൂഹത്തിലെ കൂട്ടായ്മയുടെയും പങ്കുവെപ്പിന്റെയും ഇടങ്ങൾ വർത്തമാനകാലത്ത് മങ്ങിപ്പോകുന്നുണ്ട്. 'ഒരു സ്വാദുനോട്ടക്കാരന്റെ ഭക്ഷണ പര്യവേക്ഷണങ്ങൾ' എന്ന കൃതിയെ മുൻനിർത്തി പര്യാലോചിക്കുക. **(2×7=14)**

II. **6** ചോദ്യങ്ങളിൽ നിന്ന് **4 എണ്ണ**ത്തിന് **150** വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

5) 'സ്നേഹമേ പരം സൗഖ്യം, സ്നേഹഭംഗമേ ദുഃഖം
സ്നേഹം മേ ദിക്കാലാതിവർത്തിയായ് ജ്വലിച്ചാവൂ' – സൂചിതം വിവരിക്കുക.

6) 'ഇത്തറവാടിത്തഘോഷണത്തെപ്പോലെ
വൃത്തികെട്ടിട്ടില്ല മറ്റൊന്നുമൂഴിയിൽ'– സൂചിതം വ്യക്തമാക്കുക.

**P.T.O.**

7) 'പാരുഷ്യം പെരുകുന്നു
വാക്കിലും മനസ്സിലും
മാതുലാ പൊറുത്താലും
തീർന്നു മാമ്പഴക്കാലം' – സന്ദർഭവും സാരസ്യവും വ്യക്തമാക്കുക.

8) വർത്തമാനകാല സ്ത്രീജീവിതയാഥാർത്ഥ്യങ്ങൾ 'വൈക്കോൽപ്പാവ' എന്ന കവിത പ്രതിഫലിപ്പിക്കുന്നുണ്ടോ ? – സ്വാഭിപ്രായം വ്യക്തമാക്കുക.

9) ചുള്ളിക്കാടിന്റെയും വൈലോപ്പിള്ളിയുടെയും കാവ്യസങ്കല്പത്തെ താരതമ്യം ചെയ്തു കൊണ്ടുള്ള കല്പറ്റ നാരായണന്റെ നിരീക്ഷണങ്ങൾ സംഗ്രഹിക്കുക.

10) ബഷീറിൽ സൂഫിസം ചെലുത്തിയ സ്വാധീനം കൃതികളിൽ പ്രകടമാകുന്നതെങ്ങനെ ? **(4×3=12)**

III. **6** ചോദ്യങ്ങളിൽ നിന്ന് **4 എണ്ണ**ത്തിന് **100** വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

11) 'ഉണ്ണീ, മറക്കായ്ക പക്ഷേ, യൊരമ്മതൻ
നെഞ്ഞിൽ നിന്നുണ്ട മധുരമൊരിക്കലും' – സൂചിതം വിശദീകരിക്കുക.

12) 'മിന്നിൻ കതിർകെട്ടി കറ്റയാക്കുമ്പോഴേ
കടമണ്ണ് വെട്ടിമാറ്റിയതാണ് ...' – സൂചിതം വ്യക്തമാക്കുക.

13) 'അനിതേച്ചീനെ കൊള്ളാഞ്ഞിട്ടാ.' – പ്രശാന്തൻ ഇങ്ങനെ അഭിപ്രായപ്പെടാൻ കാരണമെന്ത് ?

14) പങ്കുകശാപ്പ് എന്ന ആശയത്തിലേക്ക് കൊച്ചുമ്മച്ചനെ നയിച്ച സ്വപ്നം വിവരിക്കുക.

15) കാർത്തു എന്ന കഥാപാത്രത്തെ പരിചയപ്പെടുത്തുക.

16) 'പുരങ്ങൾ നിന്നിൽ വിഷം തുപ്പുന്നു...' – സൂചിതം വിവരിക്കുക. **(4×2=8)**

IV. **6** ചോദ്യങ്ങളിൽ നിന്ന് **4 എണ്ണ**ത്തിന് ചെറുകുറിപ്പുകൾ തയ്യാറാക്കുക.

17) 'മുണ്ടകപ്പാടങ്ങൾ കാത്തു കിടക്കയാം' – ആരെ ? എന്തിന് ?

18) 'ഈ മണൽത്തീരത്ത് നിശ്വാസപുഷ്പങ്ങൾ തൂകി നാം' – നിളാതീരത്തു കൂടിയുള്ള യാത്രാമധ്യേ കവിയുടെ ഓർമയിലെത്തിയ ചരിത്രസംഭവമേത് ?

19) 'പൂതത്തെ മുലപ്പാലാൽ വെന്നു' – സൂചിതമായ കവിയും കവിതയും ഏത് ?

20) 'പ്രണയാകുലൻ നാഥനിങ്ങനെ വിഷാദിക്കാം' വിശദമാക്കുക.

21) 'പഴയ രുചികളുടെ ഓർമകളില്ലാതായാ പിന്നെ പ്രശ്നമൊന്നുമില്ലല്ലോ.'
– ഇങ്ങനെ അഭിപ്രായപ്പെടുന്നതാര് ? സന്ദർഭമേത് ?

22) പൊന്തൻമാട – കുറിപ്പ് തയ്യാറാക്കുക. **(4×1½=6)**

---